"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മൂളിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ.അനുരാജ് പൈങ്ങാവിൽ.ആർ, നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1373/2024/LSGD തീയതി,തിരുവനന്തപുരം, 28-07-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.12.2023ലെ LSGD/PD/12576/2023-DEC3 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.01.2024 ലെയും 19.03.2024ലെയും LSGD/PD/1373/2024-IE4 നമ്പർ കത്തുകൾ

ഉത്തരവ്

മൂളിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ.അനുരാജ് പൈങ്ങാവിൽ.ആർ അന്യത്ര സേവനവ്യവസ്ഥയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലിയിൽ പ്രവേശിക്കുകയും അന്യത്രസേവനകാലാവധി പൂർത്തിയായതിനെ തുടർന്ന് 08.12.2023 തീയതിയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ടിയാനെ വിടുതൽ ചെയ്യുകയും (09.12.2023, 10.12.2023 എന്നീ അവധി ദിനങ്ങൾ കഴിഞ്ഞ്) 11.12.2023 ൽ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു എന്നും ടിയാൻ ജോലിയിൽ പ്രവേശിക്കുന്നതിന് റിപ്പോർട്ട് ചെയ്ത 11.12.2023 ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടായിരുന്നു എന്നും തുടർന്ന് പരാമർശം (1) ഉത്തരവ് പ്രകാരം ടിയാൾ 18.12.2023 പൂർവാഹ്നം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു എന്നും മേൽ സാഹചര്യത്തിൽ ശ്രീ.അനുരാജ് പൈങ്ങാവിൽ.ആർ അന്യത്ര സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് മാതൃ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുവാനെടുത്ത 09.12.2023 മുതൽ 17.12.2023 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂളിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ സീനിയർ ക്ലർക്കും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ ക്ലർക്കുമായ ശ്രീ.അനുരാജ് പൈങ്ങാവിൽ.ആർ, നിയമനത്തിനായി കാത്തിരുന്ന 09.12.2023 മുതൽ 17.12.2023 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, മൂളിയാർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ. അനുരാജ് പൈങ്ങാവിൽ ആർ, സീനിയർ ക്ലർക്ക്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ധനകാര്യ വകുപ്പ് (15.06.2024ലെ e-2711439/ഡെവ-1/38/2024-ധന നമ്പർ യു ഒ റിമാർക്ക് പ്രകാരം)

7.ഡയറക്ടർ, ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.31/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 29-07-2024 15:29:16